**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 894** **30-06-2022 - ൽ മറുപടിയ്ക്ക്**

**ജണ്ടകെട്ടി വനാതിർത്തി നിർണ്ണയിക്കുന്ന നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. രാജ | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വനം കയ്യേറ്റം പൂർണ്ണമായി തടയുന്നതിനും വനം അതിർത്തി നിശ്ചയിക്കുന്നതിനും സ്ഥിരം ജണ്ടകൾ കെട്ടി വേർതിരിക്കുന്ന നടപടി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് വനം കയ്യേറ്റം പൂർണ്ണമായി തടയുന്നതിനും വനം അതിർത്തി നിശ്ചയിക്കുന്നതിനും സ്ഥിരം ജണ്ടകൾ കെട്ടി വേർതിരിക്കുന്ന നടപടി അന്തിമ ഘട്ടത്തിലാണ്. വനാതിർത്തി ഭൂമിയിൽ അടയാളപ്പെടുത്തുവാൻ ശേഷിക്കുന്ന ഭാഗങ്ങളിലും കോടതി കേസുകൾ നിലനിൽക്കുന്നയിടങ്ങളിലും തർക്കം നിലനിൽക്കുന്ന പ്രദേശങ്ങളിലും ഇനിയും ജണ്ടകൾ സ്ഥാപിക്കുവാനുണ്ട്. |
| (ബി) | ഇത്തരം നടപടികൾ പൂർത്തിയാക്കാത്തതുമൂലം ഇടുക്കി ജില്ലയിൽ വനം വകുപ്പ് ഉദ്യോഗസ്ഥരും പൊതുജനങ്ങളും തമ്മിൽ സ്ഥിരമായി പ്രശ്നങ്ങൾ നിലനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഹൈറേഞ്ച് സർക്കിളിനു കീഴിൽ കോട്ടയം വനം ഡിവിഷന്റെ പരിധിയിൽ വരുന്ന പാൽക്കുളമേട്, കോതമംഗലം വനം ഡിവിഷനിലെ കാളിയാർ, തൊടുപുഴ, മുള്ളരിങ്ങാട് റെയിഞ്ചുകളിലും മറയൂർ വനം ഡിവിഷനിലെ കാന്തല്ലൂർ റെയിഞ്ചിൽപ്പെട്ട ബ്ലോക്ക് നം. 52 ഭാഗത്തും പൊതുജനങ്ങളുടെ തടസ്സപ്പെടുത്തലുകൾ കാരണം സർവ്വേ നടപടികൾ പൂർത്തീകരിക്കുവാൻ സാധിച്ചിട്ടില്ലാത്തതാണ്. |
| (സി) | ജണ്ടകെട്ടി വനാതിർത്തി നിർണ്ണയിക്കുന്ന നടപടി വേഗത്തിൽ പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | വനാതിർത്തി നിർണ്ണയിക്കുവാൻ ശേഷിക്കുന്ന ഭാഗങ്ങളിൽ സർവ്വേ നടപടികൾ പൂർത്തീകരിക്കുന്നതിനുള്ള പ്രവർത്തികൾ ത്വരിതഗതിയിൽ നടത്തിവരുന്നു. |

സെക്ഷൻ ഓഫീസർ